**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1523** | **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കോൾ-കേരളയിൽ നിലവിലുള്ള എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിക്കുന്നതിന് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പ്രസ്തുത തസ്തികയുടെ വിരമിക്കൽ പ്രായം 58 എന്ന് വ്യക്തമാക്കിയിട്ടുണ്ടോ; ടിയാന്റെ നിയമന ഉത്തരവിൽ പ്രസ്തുത പ്രായപരിധി വ്യക്തമാക്കിയിട്ടുണ്ടോ; പ്രസ്തുത നിയമന ഉത്തരവിന്റെയും നിയമന വിജ്ഞാപനത്തിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | **പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കോൾ-കേരളയിൽ നിലവിലുള്ള എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിക്കുന്നതിന് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പ്രസ്തുത തസ്തികയുടെ വിരമിക്കൽ പ്രായം 58 എന്ന് വ്യക്തമാക്കിയിട്ടുണ്ട്; ടിയാന്റെ നിയമന ഉത്തരവിലും പ്രസ്തുത പ്രായപരിധി വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിയമന ഉത്തരവിന്റെയും നിയമന വിജ്ഞാപനത്തിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | സർക്കാർ അംഗീകരിച്ച സ്കോൾ-കേരളയുടെ സർവ്വീസ് ചട്ടത്തിലെ ഷെഡ്യൂൾ രണ്ടിൽ, എക്സിക്യൂട്ടീവ് ഡയറക്ടറുടെ യോഗ്യതകൾ, നിയമന രീതി എന്നിവ നിശ്ചയിക്കാനുള്ള അധികാരം സെലക്ഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | 17/02/2021- ലെ സ.ഉ(കൈ) നം..81/2021/ പൊ.വി.വ.. 26/03/2021 ലെ സ.ഉ (കൈ) നം.134/2021/പൊ.വി.വ. എന്നിവ പ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും ബഹു. ഹൈക്കോടതിയുടെ അന്തിമ ഉത്തരവ് ലഭിച്ചിട്ടില്ലാത്തതിനാൽ നടപ്പിൽ വരുത്തിയിട്ടില്ലാത്ത സ്കോൾ-കേരളയുടെ സർവ്വീസ് ചട്ടത്തിലെ ഷെഡ്യൂൾ രണ്ടിൽ, എക്സിക്യൂട്ടീവ് ഡയറക്ടറുടെ യോഗ്യതകൾ, നിയമന രീതി എന്നിവ നിശ്ചയിക്കാനുള്ള അധികാരം സെലക്ഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമാണെന്നു പരാമർശിച്ചിട്ടുണ്ട് |
| (സി) | നിലവിലെ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 58 വയസ്സ് ഏത് തീയതിയിൽ പൂർത്തിയാകുമെന്നും, പ്രസ്തുത തസ്തികയിലെ നിയമനത്തിന് സെലക്ഷൻ കമ്മിറ്റി തയ്യാറാക്കി, ജനറൽ കൗൺസിൽ യോഗം അംഗീകരിച്ച സെലക്ഷൻ ലിസ്റ്റിൽ എത്ര പേരുണ്ട് എന്നും അവരുടെ പേര് വിവരങ്ങളും ലഭ്യമാക്കുമോ? | (സി) | **സ്കോൾ കേരളയുടെ നിലവിലെ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ ജിനീഷ് കുമാർ.എം.എം - ന 58 വയസ്സ് 24/02/2026 – ന പൂർത്തിയാകും. പ്രസ്തുത തസ്തികയിലെ നിയമനത്തിന് സെലക്ഷൻ കമ്മിറ്റി തയ്യാറാക്കി, ജനറൽ കൗൺസിൽ യോഗം അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ ഡോ.ജിനേഷ് കുമാർ എം.എം. (റിട്ട.എച്ച്.എസ്എസ്.ടി. (സീനിയർ), ജി.എച്ച്.എസ്.എസ്., കുഞ്ഞിമംഗലം) തണൽ, പെരിയാട്ട്, പിലാത്തറ, കണ്ണൂർ) മാത്രമേ ഉള്ളൂ.** |

സെക്ഷൻ ഓഫീസർ

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 2342950, 2342271, 2342369 Fax: 0471 2344841, email : scolekerala@gmail.com

# എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്കുള്ള നിയമനം

## വിജ്ഞാപനം

നം. എ1/4077/2024/സ്കോൾ-കേരള തീയതി. 20.12.2024

കേരള സർക്കാർ, പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എജ്യുക്കേഷൻ-കേരള (സ്കോൾ-കേരള) യുടെ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലെ ഒരു ഒഴിവിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| *തസ്തികയുടെ പേര്* | : | *എക്സിക്യൂട്ടീവ് ഡയറക്ടർ* |
| *യോഗ്യത* | : | *1. യു.ജി.സി, അംഗീകൃത സർവ്വകലാശാലകളിൽ നിന്ന് ഏതെങ്കിലും വിഷയത്തിൽ നേടിയ പി.എച്ച്.ഡി*<br>*2. 10 വർഷത്തിൽ കുറയാത്ത അധ്യാപന പരിചയം*<br>*3. ഭരണ നിർവഹണ രംഗത്തുള്ള പ്രവൃത്തി പരിചയം (Administrative experience) അഭിലഷണീയം* |
| *നിയമന കാലയളവ്* | : | *നാല് വർഷം* |
| *പ്രായപരിധി* | : | *ഈ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതിയിൽ 40 വയസ്സ് പൂർത്തിയായിരിക്കണം*<br>*സ്കോൾ-കേരളയുടെ സർവ്വീസ് ചട്ടം അനുസരിച്ച് വിരമിക്കൽ പ്രായം 58 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരാകുന്നവർക്ക് കെ.എസ്.ആർ-ലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ബാധകമായിരിക്കും* |
| *നിയമന രീതി* | : | *യോഗ്യരായ അപേക്ഷകരിൽ നിന്നും അഭിമുഖം മുഖേന* |

യോഗ്യരായ അപേക്ഷകർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, വിശദമായ ബയോഡേറ്റ, യോഗ്യതകൾ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യുക്കേഷൻ-കേരളയുടെ (സ്കോൾ-കേരള), വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ രജിസ്റ്റേർഡ് പോസ്റ്റായി അയക്കേണ്ടതാണ്. അപേക്ഷ scolekerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും അയയ്ക്കാവുന്നതാണ്. എന്നാൽ ആയതിന്റെ ഹാർഡ് കോപ്പി അപേക്ഷകൾ ലഭിക്കാൻ നിശ്ചയിച്ച അവസാന തീയതിക്കും സമയത്തിനും ഉള്ളിൽ മേൽപ്പറഞ്ഞ വിലാസത്തിൽ എത്തിക്കേണ്ടതാണ്. അപേക്ഷകൾ ലഭിക്കാനുള്ള അവസാന തീയതി **2025 ജനുവരി 10 വൈകുന്നേരം 5 മണി** ആയിരിക്കും. അപേക്ഷ അയക്കുന്ന കവറിന് പുറത്ത് **എക്സിക്യൂട്ടീവ് ഡയറക്ടറുടെ തസ്തികയിലേക്കുള്ള അപേക്ഷ** എന്ന് രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത തീയതിക്കും സമയപരിധിക്കും ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

സെക്രട്ടറി

പകർപ്പ്

സ്കോൾ-കേരള നോട്ടീസ് ബോർഡ്/വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതിന്

C1/E/SCOLEA1/LettersMal2023/431

161

സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ്‌ലോങ് എജ്യുക്കേഷൻ-കേരള, തിരുവനന്തപുരം-12

## വൈസ് ചെയർമാന്റെ നടപടിക്രമം

## (ഹാജർ: ഡോ. പി പ്രമോദ്)

സ്കോൾ-കേരള - എക്സിക്യൂട്ടീവ് ഡയറക്ടറായി ഡോ. ജിനേഷ് കുമാർ എം.എം നെ നിയമിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### സ്കോൾ-കേരള

ഉത്തരവ് നമ്പർ 168/2025/സ്കോൾ-കേരള തീയതി: 25.02.2025

---

സൂചന :1. 30.07.2015 ലെ സ.ഉ.(എം.എസ്)നം. 206/2015/പൊ.വി.വ
2. 25.11.2024 ൽ ചേർന്ന ജനറൽ കൗൺസിൽ പതിനാറാമത് യോഗ തീരുമാനം ഐറ്റം നം. 1
3. 10.12.2024 ലെ സ.ഉ (സാധാ)നം. 8685/2024/പൊ.വി.വ ഉത്തരവ്
4. 20.12.2024 ലെ എ1/4077/2024/സ്കോൾ-കേരള നമ്പർ വിജ്ഞാപനം
5. 19.02.2025 ലെ ജനറൽ കൗൺസിൽ പതിനേഴാമത് യോഗ തീരുമാനം ഐറ്റം നം.3

### ഉത്തരവ്

സൂചന (1) ലെ വ്യവസ്ഥകൾ പ്രകാരം സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടറെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിനുള്ള അധികാരം ജനറൽ കൗൺസിലിൽ നിക്ഷിപ്തമാണ്.

2) സ്കോൾ-കേരളയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലെ നിലവിലുള്ള ഒഴിവിൽ നിയമനം നടത്തുന്നതിനായി സ്കോൾ-കേരള ചട്ടം IX പ്രകാരം സെലക്ട് കമ്മിറ്റി രൂപീകരിക്കാൻ സൂചന (2) പ്രകാരം തീരുമാനം കൈക്കൊള്ളുകയും സൂചന (3) പ്രകാരം സെലക്ട് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലെ ഒഴിവിലെ നിയമനത്തിന് 04.02.2025 ൽ ചേർന്ന സെലക്ട് കമ്മിറ്റി ഉദ്യോഗാർത്ഥികളെ അഭിമുഖം നടത്തി നിശ്ചിത യോഗ്യതയുടെ അടിസ്ഥാനത്തിൽ അനുയോജ്യത വിലയിരുത്തി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നും സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്കുള്ള നിയമനം നടത്തുന്നതിനായി സെലക്ട് കമ്മിറ്റി സമർപ്പിച്ച പട്ടികയിലെ ഒന്നാമനായ ഡോ. ജിനേഷ് കുമാർ എം.എം (തണൽ, പെരിയാട്ട്, പിലാത്തറ, കണ്ണൂർ) നെ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ച വ്യക്തിയായതിനാൽ പുനർ നിയമന വ്യവസ്ഥയിൽ നിയമിക്കുന്നതിന് സൂചന (5) പ്രകാരം ജനറൽ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. സ്കോൾ-കേരള ചട്ടം VI (1) പ്രകാരം സ്കോൾ-കേരളയുടെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച സെലക്ട് കമ്മിറ്റി ശിപാർശ അനുസരിച്ച് സ്കോൾ-കേരള വൈസ് ചെയർമാനാണ് എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിക്കേണ്ടത്.

3) മേൽ സാഹചര്യത്തിൽ ഡോ. ജിനേഷ് കുമാർ എം.എം (തണൽ, പെരിയാട്ട്, പിലാത്തറ, കണ്ണൂർ) നെ സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടറായി പുനർ നിയമന വ്യവസ്ഥയിൽ സ്കോൾ-കേരള സർവ്വീസ് ചട്ട പ്രകാരം 58 വയസ്സുവരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. സേവന വേതന വ്യവസ്ഥകളുടെ അംഗീകാരത്തിന് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

Pramod

വൈസ് ചെയർമാൻ

സ്വീകർത്താവ്,

ഡോ. ജിനേഷ് കുമാർ എം.എം (തണൽ പെരിയാട്ട് പിലാത്തറ, കണ്ണൂർ 670504)

പകർപ്പ്,

സെക്രട്ടറി, സ്കോൾ-കേരള

എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എ

സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

C1/E/A1/Proceed/Proced-Mal/405